ഉത്തരം

(എ) ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ഗതാഗതയോഗ്യമല്ലാത്ത എല്ലാ റോഡുകളുടേയും അറ്റകുറ്റപ്പണികൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഹരിപ്പാട് മണ്ഡലത്തിലെ ഏതാനും റോഡുകളുടെ പണികൾ നടന്നുവരുന്നു. കുറച്ച് റോഡുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഏതാനും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(സി) ഈ പണികൾ എല്ലാ 2005 മാർച്ച് മാസം 15-ാം തീയതിക്ക് മുൻപ് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

പാനൂർ പി. ഡബ്യൂയു. ഡി. ഇൻസ്പെക്ഷൻ ബംഗ്ളാവിന്റെ അനക്സ് പണിയാനുള്ള നടപടി

83 [682], ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാനൂർ പി. ഡബ്ലിയു. ഡി. ഇൻസ്പെക്ഷൻ ബംഗ്ളാവ് തികച്ചും സൗകര്യമില്ലാത്തതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കെട്ടിടത്തിന് അനക്സ് പണിയാനുള്ള നടപടികൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനത്തിന്മേൽ ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കെട്ടിടം പണി എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യും (സി) യും അഡീഷണൽ ബ്ലോക്കും ചുറ്റുമതിലും നിർമ്മിക്കുന്നതിന് പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

റോഡ് വീതികൂട്ടാൻ നടപടി

84 [683] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരന്തൂർ- മെഡിക്കൽ കോളേജ് റോഡിൽ കാരന്തൂർ മുതൽ കൊളായി താഴം വരെയുള്ള ഭാഗം വീതി കുറവുമൂലവും വളവ് ഉള്ളതിനാലും യാത്രക്കാർക്കും വാഹനങ്ങൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly